## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2016 — 22.03.2012 ലെ മറുപടിയ്ക്ക്

### ഭാഗ്യക്കുറി നടത്തിപ്പ് മെച്ചപ്പെടുത്താൻ നടപടി

**ചോദ്യം**

ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. ഡോ. എൻ. ജയരാജ്
ശ്രീ. പി.സി. ജോർജ്ജ്

**ഉത്തരം**

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന ഭാഗ്യക്കുറി നടത്തിപ്പ് പുനരാരംഭിച്ചതിലൂടെ ഖജനാവിന് എത്ര തുകയുടെ അധിക വരുമാനം നടപ്പ് സാമ്പത്തിക വർഷം ഉണ്ടായെന്ന് അറിയിക്കുമോ ; | (എ) | ഈ സാമ്പത്തിക വർഷത്തിൽ ഏപ്രിൽ മുതൽ ആഗസ്റ്റ് മാസം വരെയുള്ള കാലയളവിൽ, അതായത് ആഴ്ചയിൽ ഒരു ലോട്ടറി മാത്രം നിലവിലുണ്ടായിരുന്ന സമയത്ത് വകുപ്പിന്റെ വരുമാനം **254.66 കോടി** രൂപയായിരുന്നു. എന്നാൽ സെപ്റ്റംബർ മാസം മുതൽ എല്ലാ ദിവസവും ലോട്ടറി പുനരാരംഭിച്ച ശേഷം 16.03.12 വരെ **994.65 കോടി** രൂപ വരുമാനമുണ്ടായി. നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് **710.96** കോടി രൂപയാണെങ്കിലും 16.03.2012 വരെ വകുപ്പ് ആകെ **1199.31 കോടി** രൂപ സമാഹരിച്ചിട്ടുണ്ട്. |
| (ബി) | ഭാഗ്യക്കുറി നടത്തിപ്പ് സുശക്തമാക്കുന്നതിന് എന്തെല്ലാം നൂതന മാർഗ്ഗങ്ങളാണ് അവലംബിച്ചിട്ടുള്ളത് ; | (ബി) | ഭാഗ്യക്കുറി നടത്തിപ്പ് സുശക്തമാക്കുന്നതിന് ഭാഗ്യക്കുറി വകുപ്പിൽ കമ്പ്യൂട്ടർ വൽക്കരണം നടത്തി കെൽട്രോണിന്റെ സഹായത്തോടെ Lottery Information Management System എന്ന പേരിൽ ഒരു സോഫ്റ്റ് വെയർ വികസിപ്പിച്ച് ടിക്കറ്റ് വിൽപ്പനയും സമ്മാന വിതരണവും സുഗമമാക്കിയിട്ടുണ്ട്. കൂടാതെ |

| | | | |
|---|---|---|---|
| | | | ടിക്കറ്റുകളിൽ ബാർകോഡ് സീക്രട്ട് കോഡ് സമ്പ്രദായം ഏർപ്പെടുത്തി ടിക്കറ്റിന്റെ സുരക്ഷിതത്വവും ഉറപ്പാക്കിയിട്ടുണ്ട്. |
| (സി) | ഭാഗ്യക്കുറി നടത്തിപ്പ് പുനരാരംഭിക്കാൻ തീരുമാനിച്ചതു വഴി ഏകദേശം എത്ര കുടുംബങ്ങൾക്ക് ജീവിത മാർഗ്ഗം ഉണ്ടായി എന്ന് അറിയിക്കുമോ ; | (സി) | കൃത്യമായ കണക്ക് ലഭ്യമല്ല. നിലവിൽ സംസ്ഥാന ഭാഗ്യക്കുറിക്ക് 18812 രജിസ്റ്റേർഡ് ഏജന്റുമാരും അവരിൽ നിന്നും ടിക്കറ്റ് വാങ്ങി വിൽപ്പന നടത്തുന്ന പതിനായിരക്കണക്കിന് വിൽപ്പനക്കാരും ഉണ്ട്. |
| (ഡി) | ഈ മേഖലയിൽ തൊഴിലെടുക്കുന്നവരുടെ ഉന്നമനം ലക്ഷ്യമാക്കി പുതിയ ക്ഷേമപ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുവോ ; വ്യക്തമാക്കുമോ ? | (ഡി) | ക്ഷേമനിധി അംഗങ്ങൾക്ക് ടിക്കറ്റ് വിൽപ്പന നടത്തുന്നതിന് മോപ്പഡ്, വികലാംഗരായ അംഗങ്ങൾക്ക് ട്രൈസൈക്കിൾ, ബങ്കുകൾ, ബീച്ച് അംബ്രല്ല എന്നിവ നൽകുന്നതിനുള്ള പദ്ധതി എന്നിവ പരിഗണനയിലുണ്ട് |

സെക്ഷൻ ഓഫീസർ